**കേരള കാർഷിക സർവ്വകലാശാല വാർത്തകൾ**

**(ഫെബ്രുവരി 28 – മാർച്ച് – 5, 2020)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**

**E-mail: ccmannuthy@kau.in, Phone:0487-2370773)**

**No. C3/4/2020 – 10** **Dt. 27.02.2020**

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

**നെല്ലിന് തണ്ടുതുരപ്പൻ, ഓലചുരുട്ടി എന്നിവയുടെ ഉപദ്രവം ഉണ്ടാകാതിരിക്കാൻ അവയുടെ നിയന്ത്രണത്തിനായുള്ള പ്രത്യേക ട്രൈക്കോഗ്രമ്മ മുട്ടക്കാർഡുകൾ ഒരേക്കറിന് 2 എണ്ണം എന്ന കണക്കിന് 20 കഷണങ്ങളാക്കി മുറിച്ച് 5 സെന്റിന് ഒന്ന് വീതം പാടത്ത് നെല്ലോലകളിൽ കെട്ടി വയ്ക്കുന്നത് നല്ലതാണ്. രണ്ടാഴ്ചയിലൊരിക്കൽ പുതിയ കാർഡുകൾ വെച്ച് നാലഞ്ച് പ്രാവശ്യം ഇതാവർത്തിക്കുക.**

**ബാക്ടീരിയൽ ഓല കരിച്ചിൽ രോഗം വരാതിരിക്കാനായി സ്യൂഡോമോണസ് ഫ്ളൂറസൻസ് എന്ന ബാക്ടീരിയപ്പൊടി ഒരു കിലോഗ്രാം, 20 കിലോഗ്രാം മണൽ/ ഉണങ്ങിയ ചാണകപ്പൊടിയുമായി ചേർത്ത് മണ്ണിൽ ഇട്ടു കൊടുത്താൽ മതിയാകും.**

**തെങ്ങിന് നന തുടരേണ്ടതാണ്. വിത്തുതേങ്ങാ സംഭരണവും ഈ മാസത്തിൽ തുടരാം. വിളഞ്ഞ് പാകമായ നാളികേരം മാത്രമേ വിത്തിനായി ഉപയോഗിക്കാവൂ. നാളികേരക്കുല ബലമുള്ള കയറിൽ കെട്ടിയിറക്കണം. ഓരോ കുലയിലേയും ലക്ഷണമൊത്ത തേങ്ങ തിരഞ്ഞെടുത്ത് ഒരു മാസം തണലിൽ സൂക്ഷിച്ചതിന് ശേഷം മാത്രമേ നടാവൂ. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്താൻ പച്ചയോ, ഉണങ്ങിയതോ ആയ ചകിരി തടങ്ങളിൽ ഇട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും 2 മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകളെടുത്തോ, അതിൽ ചകിരി നിരത്തിയശേഷം മണ്ണിട്ടു മൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്ക വിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിനു മുകളിൽ മണ്ണിട്ടു മൂടണം. ചകിരി അടുക്കുന്നതു കൊണ്ടുള്ള ഗുണം 5 – 7 വർഷക്കാലം നിലനിൽക്കും. ചകിരിക്കുപകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ഓരോ വർഷവും തടത്തിൽ ഇട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും.**

കവുങ്ങിന് നന തുടരണം. ഇടവിള കൃഷിയിലൂടെ കവുങ്ങിൻ തോട്ടം കൂടുതൽ ആദായകരമാക്കാം. ജാതി, വാഴ, തീറ്റപ്പുല്ല്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഔഷധ ചെടികൾ എന്നിവ ഇടവിളകൃഷിക്ക് യോജിച്ചവയാണ്. പ്രധാന വിളക്കൊപ്പം ഇടവിളകൾക്കും വെള്ളവും വളവും നൽകാൻ പ്രത്യേകം ശ്രദ്ധിക്കണം.

അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റി കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ സാധ്യതയുണ്ട്. 10 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുകയോ ചെയ്യുക. തൈകൾ ഉൽപ്പാദിപ്പിക്കാനായി കശുമാവ് തോട്ടങ്ങളിൽ പതിവയ്ക്കൽ ആരംഭിക്കാവുന്നതാണ്. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന ലെയറുകൾ ജൂൺ – ജൂലായ് മാസങ്ങളിൽ നടാൻ അനുയോജ്യമാണ്.

തക്കാളി, വഴുതന, മുളക് മുതലായ  വിളകളിൽ ബാക്ടീരിയൽ വാട്ടരോഗം കാണാറുണ്ട്.  പുളി രസം കൂടുതലുള്ള  മണ്ണിൽ ഈ രോഗം ഉണ്ടാകുന്നതിനുള്ള സാദ്ധ്യത കൂടുതലായിരിക്കും. അത്തരം മണ്ണിൽ നിലം ഒരുക്കുമ്പോൾ തന്നെ 1 സെന്റിന് രണ്ടര കിലോഗ്രാം കുമ്മായം ചേർക്കണം.  രോഗസാദ്ധ്യത  കുറയ്ക്കുന്നതിനോടൊപ്പം പോഷകമൂലകങ്ങളുടെ ആഗിരണം വർദ്ധിപ്പിക്കുന്നതിനും കുമ്മായ പ്രയോഗത്തിലൂടെ സാധിക്കും. രോഗം ബാധിച്ച് വാടി നിൽക്കുന്ന  ചെടികൾ അപ്പോൾ തന്നെ വേരോടെ പിഴുത് നശിപ്പിക്കണം.  രോഗപ്രതിരോധ ശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യുകയാണ് രോഗം ചെറുക്കുന്നതിനുള്ള മറ്റൊരു പോംവഴി.  ശക്തി,  മുക്തി, അനഘ എന്നീ തക്കാളി ഇനങ്ങളും നീലിമ, ഹരിത, ശ്വേത എന്നീ വഴുതിനയിനങ്ങളും ഉജ്ജ്വല, അനുഗ്രഹ എന്നീ മുളകിനങ്ങളും ഈ രോഗത്തെ പ്രതിരോധിക്കാൻ  ശേഷിയുള്ളവയാണ്.

ഓണവാഴക്ക് നന തുടരണം. കാറ്റിന്റെ വേഗത കൂടുന്നതിനാൽ വാഴകൾക്ക് താങ്ങുകാലുകൾ കൊടുക്കേണ്ടതാണ്. ആ വാഴയിൽ ഇലതീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പറിച്ചെടുത്ത് പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ഫ്ളൂബെന്റാമൈഡ് (ഫെയിം) 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. തടതുരപ്പന്റെ ആക്രമണത്തിനെതിരെ മുൻ കരുതലുകൾ ആയി വാഴത്തടയിൽ ചെളി പുരട്ടലോ, വേപ്പെണ്ണ സോപ്പ് മിശ്രിത പ്രയോഗമോ അനുവർത്തിക്കുക.

ചേന, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗ വിളകൾ ഇപ്പോൾ നടാവുന്നതാണ്. വേനൽ മഴയോടെയാണ് കാച്ചിൽ നടേണ്ടത്. ശ്രീകീർത്തി, ശ്രീരൂപ എന്നിവ അത്യുല്പാദന ശേഷിയുള്ള ഇനങ്ങളാണ്.

പാഴാക്കി കളയുന്ന കശുമാങ്ങയിൽ നിന്നും സ്ക്വാഷ്, സിറപ്പ്, ജാം തുടങ്ങി വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കും. കശുമാങ്ങയുടെ ചവർപ്പ് മാറ്റുന്നതിനായി മൂത്തുപഴുത്ത കശുമാങ്ങ ശേഖരിച്ച് വൃത്തിയാക്കി ചാറ് പിഴിഞ്ഞെടുത്തശേഷം ഒരു ലിറ്റർ ചാറിന് 10 ഗ്രാം ചൗവ്വരി കുറുക്കിയതുമായി കൂട്ടിക്കലർത്തി 12 മണിക്കൂർ നേരം വയ്ക്കുക. ഇതിന്റെ തെളിയെടുത്ത് സ്ക്വാഷ്, സിറപ്പ് മുതലായവ ഉണ്ടാക്കാവുന്നതാണ്.

അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാല പ്രസിദ്ധീകരണമായ കല്പധേനു എന്ന ത്രൈമാസികയുടെ വരിക്കാരാകാൻ താൽപര്യമുള്ളവർ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററുമായി ബന്ധപ്പെടുക. വരിസംഖ്യാനിരക്ക് : – വാർഷികം 125/– അഞ്ചുവർഷം: 500/രൂപ. ഫോൺ: **0487-2370773, 9447838291.**

ഒപ്പ്

പ്രൊഫസർ & ഹെഡ്